പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1487 06.03.2018-ലെ മറുപടിക്ക്

# നിലമ്പൂർ-ബാംഗ്ലൂർ ബസിന് ഫോറസ്റ്റ് പാസ് അനുവദിക്കൽ

ചോദ്യം

ശ്രീ. പി.വി. അൻവർ

ഉത്തരം

എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന ഏക സൂപ്പർ ഡീലക്സ് ബസ് ആയ നിലമ്പൂർ-ബാംഗ്ലൂർ ബസിന്റെ ഒക്ടോബർ മാസത്തെ കളക്ഷൻ മാത്രം കണക്കിലെടുത്താൽ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്രയായിരുന്നെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ-ബാംഗ്ലൂർ ബസിന്റെ ഒക്ടോബർ മാസത്തെ ശരാശരി പ്രതിദിന വരുമാനം 23,613/- രൂപയാണ്. |
| (ബി) | ഏറ്റവും കൂടുതൽ കളക്ഷൻ ലഭിച്ചിരുന്ന നിലമ്പൂർ-ബാംഗ്ലൂർ ബസിന്, ഫോറസ്റ്റിലൂടെ കടന്ന് പോകാൻ അനുമതി നൽകുന്ന ഫോറസ്റ്റ് പാസ് ഒഴിവാക്കിയ കാര്യം സർക്കാരിന്റെ അറിവോടെയാണോയെന്നും, പ്രസ്തുത പാസ് പാലാ-ബാംഗ്ലൂർ ബസിന് നൽകാനുണ്ടായ കാരണമെന്തെന്നും വിശദമാക്കാമോ; | (ബി) | നിലമ്പൂർ-ബാംഗ്ലൂർ ബസും പാലാ-ബാംഗ്ലൂർ ബസും പകൽസമയം യാത്ര ആരംഭിക്കുന്നതിനാൽ യാത്രാ നിരോധനത്തിന്റെ പരിധിയിൽ വരുന്നില്ല. ബന്ദിപ്പൂർ വനമേഖലയിൽ നിലവിലുള്ള രാത്രികാല യാത്ര നിരോധനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ രണ്ട് സർവ്വീസുകളെ വീതം ഒഴിവാക്കിയിട്ടുള്ളതാണ്. ഈ പ്രത്യേക അനുമതി ഉപയോഗിച്ച് ബാംഗ്ലൂർ നിന്നും നിലമ്പൂർ, തൃശ്ശൂർ എന്നിവിടങ്ങളിലേക്കുള്ള രണ്ട് സർവ്വീസുകളാണ് നടത്തി വന്നിരുന്നത്. എന്നാൽ കൂടുതൽ യാത്രക്കാർക്ക് ഉപയോഗപ്രദമാകുമെന്നും, കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന വർദ്ധനവ് ഉണ്ടാകുമെന്നും, 08.08.2017 തീയതിയിൽ നടന്ന ഒരു ഉദ്യോഗസ്ഥതല യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | ത്തിലാണ് 18.00 മണി ബാംഗ്ലൂർ - പാലാ (നിലമ്പൂർ വഴി) സർവ്വീസിന് പ്രത്യേക അനുമതി 01.11.2017 മുതൽ നൽകിയിട്ടുള്ളത്. |
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ആയിരത്തിലധികം പേർ ഒപ്പിട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ; വിശദമാക്കാമോ; സർക്കാർ നയങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ഫയലിൽ ഒപ്പ് വെച്ച ഉദ്യോഗസ്ഥൻ ആരാണെന്നും, നിലമ്പൂർ-ബാംഗ്ലൂർ ബസിന് തുടർന്നും ഫോറസ്റ്റ് പാസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ യെന്നും വിശദമാക്കാമോ? | (സി) | ഈ വിഷയത്തിൽ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന് പോകുന്ന കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായും ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിലുമാണ് 22.00 മണി ബാംഗ്ലൂർ - നിലമ്പൂർ സർവ്വീസിനുണ്ടായിരുന്ന പ്രത്യേക അനുമതി ബാംഗ്ലൂർ - പാലാ സർവ്വീസിലേയ്ക്ക് മാറ്റിയിട്ടുള്ളത്.<br>21.45-ന് ബാംഗ്ലൂരിൽ നിന്ന് ആരംഭിച്ച് രാത്രികാല യാത്രാനിരോധനം സംബന്ധിച്ച പ്രത്യേക അനുമതി കൂടാതെ പുലർച്ചയ്ക്ക് തന്നെ നിലമ്പൂരിൽ എത്തിച്ചേരുന്ന വിധത്തിൽ റൂട്ട് മാറ്റി ടി സർവ്വീസ് പുനഃക്രമീകരിച്ചിട്ടുണ്ട്. ടി നടപടികളിലൂടെ 18.00 മണി ബാംഗ്ലൂർ - പാലാ സർവ്വീസിനും 21.45 മണി ബാംഗ്ലൂർ - നിലമ്പൂർ സർവ്വീസിനും മെച്ചപ്പെട്ട വരുമാനം ലഭിച്ച് വരുന്നതിനാൽ ടി ബാംഗ്ലൂർ - നിലമ്പൂർ സർവ്വീസിന് പ്രത്യേക ഫോറസ്റ്റ് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**